Malappuram District Police

## 02/01/2018 പെരിന്തൽമണ്ണ

ബൈക്കിൽ കറങ്ങിനടന്ന് പ്രായമായ സ്ത്രീകളുടെ മാല കവർന്ന നിരവധി കേസുകളിലെ പ്രതി അറസ്റ്റിൽ. മഞ്ചേരി പാപ്പിനിപ്പാറ തോട്ടുങ്ങൽമൊടത്തീരി ഫിറോസ്(37) നെയാണ് പെരിന്തൽമണ്ണയില് അറസ്റ്റുചെയ്തത്.

ബൈക്കിനെക്കുറിച്ചുള്ള വിവരങ്ങളോ ആളിന്റെ രൂപമോ തിരിച്ചറിയാൻ പ്രായമായ സ്ത്രീകൾക്ക് പലപ്പോഴും കഴിയാറില്ലെന്നതാണ് പ്രതി ഇവരെ ലക്ഷ്യമിടുന്നതിനു കാരണമെന്നാണറിയുന്നത്. വിദേശത്തായിരുന്ന പ്രതി ഒന്നര വർഷം മുമ്പ് നാട്ടിലെത്തിയാണ് കവർച്ച തുടങ്ങിയത്.

ഒറ്റക്കായിരുന്നു കവർച്ച നടത്തിയിരുന്നത്. 2011-ൽ ബൈക്കിൽ കറങ്ങി മാലപൊട്ടിച്ചതിന് പെരിന്തൽമണ്ണയില് പ്രത്യേക അന്വേഷണസംഘം പ്രതിയെ അറസ്റ്റുചെയ്തിരുന്നെങ്കിലും പിന്നീട് ജാമ്യത്തിലിറങ്ങി. ജില്ലയിലെ വിവിധ സ്റ്റേഷൻ പരിധികളില് ഇത്തരം നിരവധി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതോടെ ജില്ലാ പോലീസ് മേധാവി പെരിന്തൽമണ്ണ ഡിവൈ.എസ്.പിയുടെ കീഴിൽ പ്രത്യേക അന്വേഷണസംഘം രൂപവത്കരിച്ചിരുന്നു.

തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ പിടികൂടാനായത്. ഇയാളെ പെരിന്തൽമണ്ണ കോടതിയില് ഹാജരാക്കി.

ഡിവൈ.എസ്.പി. എം. മോഹനചന്ദ്രൻ, ഐ.പി. ടി.എസ്. ബിനു, പെരിന്തൽമണ്ണ ടൗണ് ഷാഡോ പോലീസ് എന്നിവരുടെ സംഘമാണ് ബൈക്ക് സഹിതം പ്രതിയെ പിടിച്ചത്.